# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 259 | 01.12.2014-ൽ മറുപടിയ്ക്ക്

## ബ്ലാക്ക് മെയിലിംഗ് കേസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ബ്ലാക്ക് മെയിലിംഗ് പെൺവാണിഭ കേസിലെ പ്രതി ജയചന്ദ്രൻ എന്നയാളെ പോലീസ് അറസ്റ്റ് ചെയ്തത് എവിടെ നിന്ന്; ഏത് തീയതിയിലായിരുന്നു; | (എ) ഒളിക്യാമറ അനാശാസ്യ തട്ടിപ്പ് സംഘത്തിലെ പ്രതി ജയചന്ദ്രനെ തിരുവനന്തപുരം പാറശ്ശാല ഭാഗത്തു നിന്നും 24.07.2014-ാം തീയതി കൂട്ടിക്കൊണ്ടുവന്ന് എറണാകുളം ടൗൺ നോർത്ത് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസിൽ എത്തിച്ച് അന്നേ ദിവസം വൈകിട്ട് 9.40 മണിക്ക് അറസ്റ്റ് രേഖപ്പെടുത്തിയിട്ടുള്ളതാകുന്നു. |
| (ബി) പ്രതി ഒളിച്ച് താമസിച്ചിരുന്നത് എവിടെയുള്ള, ആരുടെ മുറിയിലായിരുന്നു; | (ബി) തിരുവനന്തപുരം വഞ്ചിയൂർ കൈതമുക്കിലുള്ള ബി.ആർ.ജി ടവ്വേഴ്സ് എന്ന ലോഡ്ജിൽ ജയചന്ദ്രന്റെ പേരിൽ എടുത്ത 10-ാം നമ്പർ മുറിയിലാണ് ഒളിവിൽ കഴിഞ്ഞിരുന്നത്. |
| (സി) പ്രതിയ്ക്ക് ഒളിവിൽ കഴിയാൻ മുറി എടുത്ത് നൽകിയ ആളിനേയും, വാഹനം സംഘടിപ്പിച്ച് നൽകിയ ആളിനേയും സംബന്ധിച്ച് പോലീസിന് വിവരം ലഭിച്ചിട്ടുണ്ടായിരുന്നുവോ; ഇവർ രണ്ട് പേരെയും പോലീസ് അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്യുകയുണ്ടായോ; ഇവർ ആരൊക്കെയായിരുന്നു; ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ടവർ ആണോ; എങ്കിൽ ഏത് പാർട്ടി; | (സി) വിവരം ലഭിച്ചിട്ടുണ്ടായിരുന്നു. പ്രതി ജയചന്ദ്രന് സഹായം നൽകിയവരെന്ന് സംശയിക്കപ്പെട്ടവരെ ചോദ്യം ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ അറസ്റ്റ് ചെയ്തിട്ടില്ല. പ്രതി ജയചന്ദ്രൻ താമസിച്ചിരുന്ന ടി ലോഡ്ജിൽ ഉടമസ്ഥനായ അജയകുമാർ (തിരുവാതിര വീട്, അത്താണി, കൈതമുക്ക്, തിരുവനന്തപുരം) എന്നയാളും വാഹനത്തിന്റെ ഉടമസ്ഥനായ ജോഷി (കൃപഭവൻ, ചെക്കാലവിള, നെയ്യാറ്റിൻകര, തിരുവനന്തപുരം) എന്നയാളുമാണ്. ഇവർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടി പ്രവർത്തകരാണോ എന്നുള്ള വിവരം അറിവായിട്ടില്ല. |
| (ഡി) പ്രതിയ്ക്ക് ഒളിവിൽ കഴിയാൻ സൗകര്യം ഒരുക്കിയ ആർക്കെല്ലാം എതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ; | (ഡി) പ്രതിയെ ഒളിവിൽ കഴിയാൻ സഹായിച്ചവർക്കെതിരെ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ